# കാലിക്കറ്റ് സർവകലാശാല
# പബ്ലിക് റിലേഷൻസ് വിഭാഗം

പത്രക്കുറിപ്പ്
2023 മെയ് 29 Website : www.uoc.ac.in

---

## ബിരുദ പ്രവേശനം
## ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു

കാലിക്കറ്റ് സർവകലാശാലാ 2023–24 അദ്ധ്യയന വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. ജൂൺ 12–ന് വൈകീട്ട് 5 മണി വരെ അപേക്ഷ സമർപ്പിക്കാം. എസ്.സി., എസ്.ടി. വിഭാഗത്തിലുള്ളവർക്ക് 185 രൂപയും മറ്റുള്ളവർക്ക് 445 രൂപയുമാണ് അപേക്ഷാ ഫീസ്. മാനേജ്മെന്റ്, സ്പോർട്സ് ക്വാട്ടകളിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈൻ രജിസ്ട്രേഷനു പുറമേ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിലും അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് പ്രവേശന വിഭാഗം വെബ്സൈറ്റ് (admission.uoc.ac.in) സന്ദർശിക്കുക. *പി.ആർ. 621/2023*

## അസിസ്റ്റന്റ് പ്രൊഫസർ നിയമനം

കാലിക്കറ്റ് സർവകലാശാലാ പൊളിറ്റിക്കൽ സയൻസ് പഠനവിഭാഗത്തിൽ 2023–24 അദ്ധ്യയന വർഷത്തേക്ക് അസി. പ്രൊഫസർമാരുടെ ഒഴിവുകളിൽ മണിക്കൂർ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. താൽപര്യമുള്ളവർ വിശദമായ ബയോഡാറ്റ (polhod@uoc.ac.in) എന്ന ഇ–മെയിൽ വിലാസത്തിൽ ജൂൺ 6–ന് വൈകീട്ട് 5 മണിക്ക് മുമ്പായി അയക്കുക. നെറ്റ്, പി.എച്ച്.ഡി. യോഗ്യതയുള്ളവർക്ക് മുൻഗണന.

കാലിക്കറ്റ് സർവകലാശാലാ ഇന്റഗ്രേറ്റഡ് പി.ജി. പഠനവകുപ്പുകളിൽ 2023–24 അദ്ധ്യയന വർഷത്തേക്ക് എക്കണോമിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, അറബിക് വിഷയങ്ങളിൽ അസി. പ്രൊഫസർമാരെ മണിക്കൂർ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നു. യോഗ്യരായ ഉദ്യോഗാർത്ഥികൾ ആവശ്യമായ രേഖകൾ സഹിതം സ്കൂൾ ഓഫ് ഹെൽത്ത് സയൻസിൽ അഭിമുഖത്തിന് ഹാജരാകണം. ജൂൺ 7 രാവിലെ 10.30–ന് എക്കണോമിക്സ് (ഫോൺ 8606622200), ജൂൺ 8 രാവിലെ 10.30–ന് സ്റ്റാറ്റിസ്റ്റിക്സ് (ഫോൺ 9446164109), ഉച്ചക്ക് 2 മണിക്ക് അറബിക് (ഫോൺ 9446164109) എന്നിങ്ങനെയാണ് അഭിമുഖം ക്രമീകരിച്ചിരിക്കുന്നത്. *പി.ആർ. 622/2023*

## പരീക്ഷ

എസ്.ഡി.ഇ. മൂന്നാം സെമസ്റ്റർ എം.എ. ഹിസ്റ്ററി നവംബർ 2022 റഗുലർ പരീക്ഷ പുതുക്കിയ ടൈംടേബിൾ പ്രകാരം ജൂൺ 2–ന് തുടങ്ങും. *പി.ആർ. 623/2023*

**പരീക്ഷാ ഫലം**

ആറാം സെമസ്റ്റർ എൽ.എൽ.ബി. യൂണിറ്ററി നവംബർ 2022 സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് ജൂൺ 19 വരെ അപേക്ഷിക്കാം. *പി.ആർ. 624/2023*

**പുനർമൂല്യനിർണയ ഫലം**

ഒന്നാം സെമസ്റ്റർ ബി.കോം., ബി.ബി.എ. നവംബർ 2021 റഗുലർ, സപ്ലിമെന്ററി, ഇംപ്രൂവ്മെന്റ് പരീക്ഷകളുടെ പുനർമൂല്യനിർണയ ഫലം പ്രസിദ്ധീകരിച്ചു. *പി.ആർ. 625/2023*